(സി) ചോദ്യം (എ)യുടെ ഉത്തരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ 18 പഞ്ചായത്തു് ഇൻസ്പെക്ടർമാരെക്കൂടി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ടു്. പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ക്ലറിക്കൽ സ്റ്റാഫിനെ നിയമിക്കുന്നില്ല. ഇൻസ്പെക്ടർമാർക്കു് ഇപ്പോൾ ഉള്ളതുപോലെ ഒരു ക്ലാർക്കും ഒരു ശിപായിയും പുതുതായി നിയമിക്കുന്ന ഓരോ ഇൻസ്പെക്ടർക്കും ഉണ്ടായിരിക്കും.

UNSTARRED QUESTIONS AND ANSWERS.

സ്പോർട്ട്സു്.

341. [2] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിനു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) തിരുവിതാംകൂർ–കൊച്ചി ഒളിമ്പിക്കു് അസോസിയേഷനു് ഗവണ്മെൻറു് ഇതുവരെല്ലാം ഗ്രാൻറു് നൽകിയിട്ടുണ്ടു് ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ?

ഉത്തരം.

(എ) സ്പോർട്ട്സു് അഭിവൃദ്ധിപ്പെടുത്തുന്നതിനായി ഒരു സ്പോർട്ട്സു് കൗൺസിൽ സ്ഥാപിച്ചിട്ടുണ്ടു്.

(ബി) ഇല്ല.

(സി) സ്പോർട്ട്സു് കൗൺസിലിൻറെ നിർദ്ദേശപ്രകാരം വിവിധ സ്പോർട്ട്സു് അസോസിയേഷനുകൾക്കു് ഗ്രാൻറു് കൊടുക്കുന്നതിനായി സ്പോർട്ട്സു് കൗൺസിൽ ബഡ്ജറിൽ തുക കൊടുത്തിട്ടുണ്ടു്. നിർദ്ദേശം കിട്ടുന്നതനുസരിച്ചു് തുകകൾ അനുവദിക്കുന്നതാണു്.

ആനതാഴ്ച്ചിറ.

342. [4] ശ്രീ. വി. ശ്രീധരൻ: താഴെകാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ അണ്ടർകോണം പകുതിയിലുള്ള ആനതാഴ്ച്ചിറ കുഴിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഇതിനകം എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു് ;

(ബി) ഈ ചിറ കുഴിപ്പിക്കുന്നതിനു് ആവശ്യമായ എന്തെങ്കിലും നടപടി ഇതിനകം ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു് വെളിപ്പെടുത്തുമോ?

ഉത്തരം.

(എ) എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടെന്നു് കൃത്യമായി പറയുവാൻ നിവൃത്തിയില്ല.

(ബി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly